LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളെ കോർപ്പറേഷനുകളുമായി കൂട്ടിച്ചേർത്ത നടപടി

112 [1689] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പഞ്ചായത്തുകളെ കോർപ്പറേഷനുകളുമായി കൂട്ടിച്ചേർത്ത നടപടി അസാധുവാണെന്ന സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെ അഭിപ്രായത്തിന്മേൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ഇലക്ഷൻ കമ്മീഷൻ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്താമോ;

(സി) പഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് കോർപ്പറേഷൻ ആക്കിയ നടപടിക്ക്, ഭരണഘടനാപരമായ നിയമസാധുതയും, നിലനിൽപ്പും ഇല്ലെന്ന ഇലക്ഷൻ കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ നിലപാട് വിശദമാക്കാമോ;

(ഡി) ഇലക്ഷൻ കമ്മീഷന്റെ ശുപാർശകൾ പരിഗണിച്ച് പഞ്ചായത്തുകളെ കോർപ്പറേഷൻ പരിധിയിൽനിന്നും ഒഴിവാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

ഉത്തരം

(എ ആന്റ് ബി) ഇത്തരമൊരു അഭിപ്രായം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

മുൻസിപ്പൽ കോർപ്പറേഷനോടോ/മുനിസിപ്പാലിറ്റിയോടോ കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകൾ

113 [1690] ശ്രീ. വർക്കല കഹാർ:
,, ജോർജ്ജ് ജെ. മാത്യു:
,, എൻ. ശക്തൻ:
,, ടി. എൻ. പ്രതാപൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനോടുകൂടിയോ മുനിസിപ്പാലിറ്റിയോടുകൂടിയോ ഗ്രാമപഞ്ചായത്തുകളോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗമോ കൂട്ടിച്ചേർത്തത് ഭരണഘടനാനുസൃതമല്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന ഏതെല്ലാം മുനിസിപ്പൽ കോർപ്പറേഷനോടും മുനിസിപ്പാലിറ്റികളോടും ഗ്രാമ പഞ്ചായത്തുകളോ അതിന്റെ ഭാഗങ്ങളോ കൂട്ടിച്ചേർത്തിട്ടുണ്ട്;

(സി) ഈ നടപടി പുനഃപരിശോധിക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആന്തൂർ ഗ്രാമപഞ്ചായത്ത് തളിപ്പറമ്പ് മുനിസിപ്പാലിറ്റിയോടും കോടിയേരി ഗ്രാമപഞ്ചായത്ത് തലശ്ശേരി മുനിസിപ്പാലിറ്റിയോടും ഈഴവത്തുരുത്തി ഗ്രാമപഞ്ചായത്ത് പൊന്നാനി മുനിസിപ്പാലിറ്റിയോടും പെരുമ്പടപ്പുതൂർ ഗ്രാമപഞ്ചായത്ത് നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയോടും കൂട്ടിച്ചേർത്തിട്ടുണ്ട്. ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം എന്നീ ഗ്രാമ പഞ്ചായത്തുകൾ തിരുവനന്തപുരം കോർപ്പറേഷനോടും, ഇരവിപുരം, വടക്കേവിള, കിളിക്കൊല്ലൂർ, ശക്തികുളങ്ങര എന്നീ ഗ്രാമ പഞ്ചായത്തുകൾ കൊല്ലം കോർപ്പറേഷനോടും; ഒല്ലൂർക്കര, വിള്ളവട്ടം, അയ്യന്തോൾ, കൂർക്കാഞ്ചേരി, ഒല്ലൂർ എന്നീ ഗ്രാമ പഞ്ചായത്തുകളും, നടത്തറ ഗ്രാമപഞ്ചായത്തിന്റെ ചില ഭാഗങ്ങളും തൃശ്ശൂർ കോർപ്പറേഷനോടും കൂട്ടിച്ചേർത്തിട്ടുണ്ട്. അരിക്കുളം ഗ്രാമ പഞ്ചായത്തിലെ നടേരിദേശം കൊയിലാണ്ടി മുനിസിപ്പാലിറ്റിയോടും, മേപ്പാടി ഗ്രാമ പഞ്ചായത്തിലെ 11, 12 വാർഡ് കല്പറ്റ മുനിസിപ്പാലിറ്റിയോടും പോർക്കുളം ഗ്രാമ പഞ്ചായത്തിന്റെ തുരുത്തിക്കാട്, കാക്കത്തുരുത്തി പ്രദേശങ്ങളും ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 2, 3, 9, 11 എന്നീ ഭാഗങ്ങളും 1-ാം വാർഡിന്റേയും 10-ാം വാർഡിന്റേയും ചില ഭാഗങ്ങളും, കുന്നംകുളം മുനിസിപ്പാലിറ്റിയോടും കൂട്ടിച്ചേർത്തിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി./ബിൽ കളക്ടർ തസ്തികയിൽ ഡെയ്‌ലി വേജസ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

114 [1691] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി./ബിൽകളക്ടർ തസ്തികയിൽ ഡെയ്‌ലി വേജസ് വ്യവസ്ഥയിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നു എന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട്, കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) എൽ.ഡി.സി./ബിൽ കളക്ടർ തസ്തികകളിൽ എത്ര സാംഗ്ഷൻഡ് പോസ്റ്റുണ്ട്, ഇതിൽ എത്ര സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly